# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

## പുരസ്കാര തുക ഒരു ലക്ഷം

**തിരുവനന്തപുരം**

വൈജ്ഞാനികമേഖലയെ പരിപോഷിപ്പിക്കാനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മൂന്ന് വിഭാഗത്തിൽ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. എൻ വി കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക പുരസ്കാരം, കെ എം ജോർജ് സ്മാരക ഗവേഷണ പുരസ്കാരം, എം പി കുമാരൻ സ്മാരക വിവർത്തന പുരസ്കാരം എന്നിവയ്ക്കാണ് അപേക്ഷ ക്ഷണിച്ചത്. 20 വരെ അപേക്ഷിക്കാം. ഒരു ലക്ഷം രൂപയാണ് ഓരോ വിഭാഗത്തിനും പുരസ്കാരം.

2022 ജനുവരിമുതൽ ഡിസംബർവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങളായിരിക്കണം വൈജ്ഞാനിക അവാർഡിനും വിവർത്തന അവാർഡിനും സമർപ്പിക്കേണ്ടത്. ശാസ്ത്രസാങ്കേതിക വിഭാഗം, ഭാഷാസാഹിത്യ പഠനങ്ങൾ, സാമൂഹ്യശാസ്ത്രം, കല, സംസ്കാരപഠനങ്ങൾ എന്നീ മേഖലകളിൽനിന്നുള്ള ഗ്രന്ഥങ്ങളായിരിക്കും പരിഗണിക്കുക. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കാണ് വിവർത്തന പുരസ്കാരം. 2022 ജനുവരിക്കും ഡിസംബറിനുമിടയിൽ ഏതെങ്കിലും ഇന്ത്യൻ സർവകലാശാലകളിൽനിന്ന് അവാർഡ് ചെയ്യപ്പെട്ട ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ പ്രബന്ധങ്ങളുടെ മലയാളവിവർത്തനമാണ് ഗവേഷണ പുരസ്കാരത്തിന് പരിഗണിക്കുക. ഗവേഷണപ്രബന്ധങ്ങൾ അംഗീകരിച്ചതായിട്ടുള്ള സർവകലാശാല സാക്ഷ്യപത്രംകൂടി സമർപ്പിക്കണം.

വൈജ്ഞാനിക പുരസ്കാരത്തിനും വിവർത്തന പുരസ്കാരത്തിനും സമർപ്പിക്കുന്ന പുസ്തകങ്ങളുടെ നാല് കോപ്പിയും ഗവേഷണ പ്രബന്ധങ്ങളുടെ നാലു വീതം പകർപ്പുകളുമാണ് അയക്കേണ്ടത്. വിലാസം: ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം –695003.

വാർത്താസമ്മേളനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എം സത്യൻ, ഡോ. പ്രിയ വർഗീസ്, ഡോ. ഷിബു ശ്രീധർ, റാഫി പൂക്കോം എന്നിവർ പങ്കെടുത്തു.